**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** **14-10-2024 - ൽ മറുപടിയ്ക്ക്**

**'പൊലിമ പുതുക്കാട്' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ 'പൊലിമ പുതുക്കാട്' പദ്ധതിയുടെ വിപുലീകരണത്തിനായി കൂടുതൽ പച്ചക്കറിതൈകൾ, വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ പ്രത്യേകമായി അനുവദിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി ഈ പദ്ധതിയ്ക്കായി പ്രത്യേകം ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (എ) | പുതുക്കാട് നിയോജകമണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "പൊലിമ പുതുക്കാട്". തദ്ദേശ സ്വയം ഭരണ വകുപ്പ്, കുടുംബശ്രീ, സഹകരണ പ്രസ്ഥാനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ആണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കുടുംബശ്രീയുടെ നിലവിലെ പദ്ധതികളായ അഗ്രി ന്യൂട്രിഗാർഡൻ, പ്രൊഡ്യൂസർ ഗ്രൂപ്പുകൾ എന്നിവയുടെ ഫണ്ടുകൾ ഈ പദ്ധതിയുടെ വിപുലീകരണത്തിന് കുടുംബശ്രീ മിഷൻ നൽകിയിട്ടുള്ള മാർഗ്ഗരേഖകൾക്കനുസരിച്ച് നൽകുവാൻ സാധിക്കും. അഗ്രി ന്യൂട്രിഗാർഡൻ പദ്ധതി പ്രകാരം വാർഡ് ഒന്നിന് 2500/- രൂപ നിരക്കിൽ വിത്ത്, പരിശീലനം എന്നിവ 50 കുടുംബശ്രീ അംഗങ്ങൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഓരോ പഞ്ചായത്തിലും 25 മുതൽ 50 വരെയുള്ള കർഷകരുടെ ഗ്രൂപ്പുകൾ രൂപികരിക്കാവുന്നതും പച്ചക്കറി സംഭരണത്തിനും മൂല്യവർദ്ധിത യൂണിറ്റുകൾക്കുമായി ഇൻഫ്രാസ്ട്രക്ചർ ഫണ്ടിനത്തിലും കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടിനത്തിലും നിലവിലുള്ള മാർഗ്ഗരേഖകൾക്കനുസരിച്ച് സഹായം നൽകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ